(സി) പ്രസ്തുത വ്യക്തിക്ക് സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ചുള്ള ഒരു മുൻഫയലിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിയോജനക്കുറിപ്പ് എഴുതിയതിനാൽ പ്രസ്തുത ഫയൽ തന്നെ കാണാതായതിനെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രീ. റൂബിൻ ഡിക്രൂസ്.

(ബി) കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ നിയമനം സംബന്ധിച്ച യോഗ്യതകളിൽ ഇളവു നൽകി ശ്രീ. റൂബിൻ ഡിക്രൂസിനെ ഡയറക്ടറായി നിയമിച്ച നടപടിക്ക് മന്ത്രിസഭയുടെ സാധുകരണം ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി

111 (2124) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ഭാഷയുടെ പഴക്കം സംബന്ധിച്ച രേഖകൾ കണ്ടെത്താനും ഇതു സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തുന്നതിനും നിയോഗിക്കപ്പെട്ട സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നൽകുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മുൻനിലപാടിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ &ബി) ഉണ്ട്.

(സി) മലയാളത്തിന് ക്ലാസ്സിക്കൽ പദവിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി 19-2-2009-ൽ ഒരു സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. ഈ സമിതിയിൽ പ്രമുഖ സാഹിത്യകാരന്മാരേയും ഭാഷാ പണ്ഡിതന്മാരേയും ഉൾപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 29-4-2010-ൽ ചേർന്ന സമിതിയുടെ യോഗതീരുമാന പ്രകാരം 2010 മേയ് 5-ന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രത്യേക പ്രതിനിധി സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിച്ച് മലയാളത്തിന് ക്ലാസ്സിക്കൽ പദവി നൽകണമെന്ന് ആവശ്യപ്പെടുന്ന നിവേദനം സമർപ്പിക്കുകയുണ്ടായി. കേരളത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് പ്രധാനമന്ത്രി ഉറപ്പ് നൽകിയിട്ടുള്ളത്. തുടർ നടപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രവർത്തകസമിതി രൂപികരിച്ച് 6-7-2010-ൽ ഉത്തരവായിട്ടുണ്ട്. ഈ സമിതിയിൽ ബഹുമാനപ്പെട്ട ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. സി. ദിവാകരൻ ഉപാദ്ധ്യക്ഷനും, വിദ്യാഭ്യാസ സാംസ്കാരിക വകുപ്പുമന്ത്രി കൺവീനറുമാണ്. കൂടാതെ ഡോ. സുകുമാർ അഴീക്കോട്, പ്രൊഫ. ഒ. എൻ. വി കുറുപ്പ്, ശ്രീ. എം. ടി. വാസുദേവൻ നായർ, ഡേ. പുതുശ്ശേരി രാമചന്ദ്രൻ, പ്രൊഫ. എം. ലീലാവതി, ശ്രീമതി സുഗതകുമാരി, ശ്രീമതി പി. വത്സല, ശ്രീ. എം. എൻ. കാരശ്ശേരി, പ്രൊഫ. സ്കറിയ സക്കറിയ എന്നിവർ അംഗങ്ങളുമാണ്. തിരുവനന്തപുരത്തെ ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയിൻ ലിംഗ്വിസ്റ്റിക്സിൽ ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ നേതൃത്വത്തിൽ ക്ലാസിക് ഭാഷാ പദവിക്ക് മലയാളത്തിന്റെ അർഹത തെളിയിക്കുന്ന രേഖകൾ തയ്യാറാക്കി പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

താലൂക്കുകളുടെയും വില്ലേജുകളുടെയും വിഭജനം

112 (2125) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനസാന്ദ്രത കൂടിയതും വിസ്താരമേറിയതുമായ താലൂക്കുകളെയും വില്ലേജുകളെയും വിഭജിക്കാനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ പ്രസ്തുത നടപടിപ്രകാരം ഏതൊക്കെ താലൂക്കുകളും വില്ലേജുകളുമാണ് വിഭജിക്കാൻ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) തലശ്ശേരി താലൂക്കിലെ പെരിങ്ങത്തൂർ വില്ലേജിലെ ജനസാന്ദ്രതയും വിസ്തൃതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പെരിങ്ങത്തൂർ വില്ലേജ് വിഭജനം ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) താലൂക്ക് വില്ലേജ് പുനഃസംഘടന സംബന്ധിച്ച് 2007-ൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റും, സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി ഒരു കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുത്തിട്ടില്ല. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly